**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 243** **26-06-2024 - ൽ മറുപടിയ്ക്ക്**

**തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചാണ്ടി ഉമ്മൻ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എം. വിൻസെന്റ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | തിരുവനന്തപുരം നഗരത്തിലെ സ്മാർട്ട് റോഡ് നിർമ്മാണം നീണ്ടുപോകുന്നത് കാരണം ജനങ്ങൾ നേരിടുന്ന ബുദ്ധിമുട്ട് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കേരള റോഡ് ഫണ്ട് ബോർഡ് മുഖേന തിരുവനന്തപുരം നഗരത്തിലെ 63 പൊതു മരാമത്ത് റോഡുകൾ സ്മാർട്ട് റോഡ് ആയി വികസിപ്പിക്കുന്ന പദ്ധതിയുടെ നടത്തിപ്പിൽ മുൻ കരാറുകാർ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പെർഫോമൻസ് ഗ്യാരണ്ടി കണ്ടുകെട്ടി കരാർ റദ്ദ് ചെയ്യുകയും തുടർന്ന് സ്മാർട്ട് സിറ്റി മിഷൻ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 40 PWD റോഡുകൾ വികസിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയുമുണ്ടായി. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്മാർട്ട് റോഡുകളിലും ഓടകൾക്കു പുറമെ ടെഞ്ചും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടി വന്നിട്ടുണ്ട്. നിലവിൽ ഉള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിൽ ആകാതെ കുഴി എടുക്കുക എന്നത് വളരെ ശ്രമകരമാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന യൂട്ടിലിറ്റി ലൈനുകളിൽ അപ്രതീക്ഷിതമായി തകരാറുസംഭവിക്കുന്നതും തൻമൂലം പദ്ധതി നിർവഹണം തടസമാകുന്നതും പ്രവർത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.<br><br>തലസ്ഥാന റോഡുകൾ മികച്ച നിലയിൽ നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് റോഡുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചത്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ 60 റോഡുകൾ വികസിപ്പിക്കുന്നതിന് സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി കേബിളുകൾ, ടെലിഫോൺ കേബിളുകൾ, ഇന്റർനെറ്റ് കേബിളുകൾ എന്നിവ പ്രത്യേക ഡക്റ്റിലൂടെ കടത്തിവിടുന്നതാണ് പദ്ധതിയിലെ പ്രധാന ഘടകം. ഓവർഹെഡ് ലൈനുകൾ ഒഴിവാക്കി റോഡുകളെ |

പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. ഒപ്പം അടിക്കടി റോഡുകൾ കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാനും ഈ പദ്ധതിയിലൂടെ സാധിക്കും. ഈ റോഡുകളിലെ സീവറേജ് ലൈനുകൾ ശക്തിപ്പെടുത്തുന്നതിനും പദ്ധതി ഉണ്ട്. മികച്ച നടപ്പാതകൾ, വഴിവിളക്കുകൾ, കൈവരികൾ, റോഡ് സുരക്ഷ, സൈക്കിൾട്രാക്ക്, ലാൻഡ് സ്കേപ്പിംഗ്, പാർക്കിംഗ് ഇംപ്രൂവ്മെന്റ് എന്നിവയും സ്മാർട്ട് റോഡുകളുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

നഗരത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾ സ്മാർട്ട് റോഡ് ആക്കി മാറ്റുന്നതിനുള്ള പദ്ധതി നേരത്തെ ആരംഭിച്ചിരുന്നു. എന്നാൽ കരാറുകാരൻ കൃത്യമായി പ്രവൃത്തി നടത്താതെ അലംഭാവം കാട്ടിയതിനെ തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്യുകയും പെർഫോർമൻസ് ഗ്യാരന്റി കണ്ടുകെട്ടുകയും ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പിന് കീഴിലെ 12 റോഡുകൾ സ്മാർട്ട് റോഡ് ആയി മാറ്റുന്നതിനും 28 റോഡുകൾ ഉന്നതനിലവാരത്തിൽ നവീകരിക്കുന്നതിനും തീരുമാനിച്ചു. പ്രവൃത്തി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് ഓരോ റോഡും പ്രത്യേകമായി ടെണ്ടർ നടപടികളാണ് സ്വീകരിച്ചത്. ഇതനുസരിച്ച് ആദ്യ ഘട്ടത്തിൽ രണ്ട് റോഡുകൾ സ്മാർട്ടായി വികസിപ്പിക്കുവാൻ തീരുമാനിച്ചു. മാനവീയം വീഥി കേരളത്തിലെ ആദ്യ നൈറ്റ് ലൈഫ് കേന്ദ്രമാക്കി മാറ്റി. സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ച മാനവീയം വീഥി രാജ്യാന്തര ശ്രദ്ധ നേടുന്ന ഇടമായി മാറി. ഇതിനു ശേഷമാണ് മറ്റ് 10 റോഡുകളുടേയും പ്രവർത്തി ആരംഭിച്ചത്. ഈ 10 റോഡുകൾക്കും പൂർത്തീകരണ കാലാവധി വ്യത്യസ്തമാണ്. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലയളവാണ് റോഡ് പ്രവർത്തിക്ക് ലഭിക്കുക എന്നതിനാൽ റോഡുകളിൽ ഒന്നിച്ച് പ്രവൃത്തി ആരംഭിച്ചു. ഈ റോഡുകൾ വേഗത്തിൽ ഗതാഗതയോഗ്യമാക്കാനാണ് സ്മാർട്ട് സിറ്റിയും, കെ.ആർ.എഫ്.ബി-യും തീരുമാനിച്ചത്. ഇതനുസരിച്ച് പ്രവർത്തികൾ മുന്നോട്ട് കൊണ്ടു പോകാനായി നിലവിൽ ഭൂരിഭാഗം റോഡുകളും (40 ൽ 38 റോഡുകളും) ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളിൽ ഓടകൾക്ക് പുറമെ ട്രെഞ്ചും ചേമ്പറും നിർമ്മിക്കുവാൻ ആഴത്തിൽ കുഴി എടുക്കേണ്ടി വന്നിട്ടുണ്ട്. നിലവിൽ കുടിവെള്ളത്തിനുള്ള നിരവധി പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി, ഫോൺ കേബിൾ, ഇന്റർനെറ്റ് കേബിളുകൾ മുതലായവ വീതി കുറഞ്ഞ റോഡുകൾക്ക്

| | | | |
|---|---|---|---|
| | | | അടിയിലായിരുന്നു ഉണ്ടായത്. ഇവ ക്രമരഹിതമായി സ്ഥാപിച്ചിരുന്നു എന്നതിനാൽ പ്രവൃത്തി നടക്കുമ്പോൾ യൂട്ടിലിറ്റി ലൈനുകളിൽ തകരാർ സംഭവിക്കുന്നത് വലിയ വെല്ലുവിളിയാണ് സൃഷ്ടിച്ചത്. നിരന്തരം ഇത്തരം പ്രശ്നങ്ങൾ ഉണ്ടായത് പല ഇടങ്ങളിലും പ്രവൃത്തി പുരോഗതിയെ ബാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കൂടി ഏകോപനത്തോടെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുവാൻ ശ്രമിച്ചാണ് പ്രവൃത്തി നടത്തിയത്. റോഡ് പ്രവൃത്തി പൂർത്തിയായ ഇടങ്ങളിൽ മറ്റു പ്രവർത്തികൾ ആരംഭിച്ചു.<br><br>അട്ടക്കുളങ്ങര റോഡിൽ പ്രവൃത്തിആരംഭിച്ച ശേഷം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നിലവിൽ ഡിസൈൻ ചെയ്ത ഓടയുടെ ഡിസൈൻ മാറ്റാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചു. കൂടുതൽ വീതിയിൽ ഓട നിർമ്മിക്കുന്ന പ്രവർത്തി അവിടെ തുടരുകയാണ്. |
| (ബി) | 2024 മാർച്ചിൽ പ്രസ്തുത നിർമ്മാണ പ്രവൃത്തി പൂർത്തീകരിക്കും എന്ന ഉറപ്പ് പാലിക്കുവാൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കുമോ; | (ബി) | കേരള റോഡ് ഫണ്ട് ബോർഡ് മുഖേന തിരുവനന്തപുരം നഗരത്തിലെ 63 പൊതു മരാമത്ത് റോഡുകൾ സ്മാർട്ട് റോഡ് ആയി വികസിപ്പിക്കുന്ന പദ്ധതിയുടെ നടത്തിപ്പിൽ മുൻ കരാറുകാർ വീഴ്ച വരുത്തിയ സാഹചര്യത്തിൽ പെർഫോമൻസ് ഗ്യാരണ്ടി കണ്ടുകെട്ടി കരാർ റദ്ദ് ചെയ്യുകയും തുടർന്ന് സ്മാർട്ട് സിറ്റി മിഷൻ കാലാവധിക്കുള്ളിൽ പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 40 PWD റോഡുകൾ വികസിപ്പിക്കുന്നതിനായി പദ്ധതി തയ്യാറാക്കുകയുമുണ്ടായി. പദ്ധതിയിൽ ഉൾപ്പെട്ട എല്ലാ സ്മാർട്ട് റോഡുകളിലും ഓടകൾക്കു പുറമെ ഡക്‌ടും ചേംബറും നിർമ്മിക്കാൻ ആഴത്തിൽ എസ്കവേഷൻ നടത്തേണ്ടി വന്നിട്ടുണ്ട്. നിലവിൽ ഉള്ള ലൈവ് യൂട്ടിലിറ്റി ലൈനുകൾ തകരാറിൽ ആകാതെ കുഴി എടുക്കുക എന്നത് വളരെ ശ്രമകരമാണ്. വ്യത്യസ്ത കാലഘട്ടങ്ങളിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ഇട്ടിരിക്കുന്ന യൂട്ടിലിറ്റി ലൈനുകളിൽ അപ്രതീക്ഷിതമായി തകരാറുസംഭവിക്കുന്നതും തൻമൂലം പദ്ധതി നിർവഹണം തടസമാകുന്നതും പ്രവർത്തിയുടെ പുരോഗതിയെ സാരമായി ബാധിച്ചിട്ടുണ്ട്.<br><br>തലസ്ഥാന റോഡുകൾ മികച്ച നിലയിൽ നവീകരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സ്മാർട്ട്സിറ്റി പദ്ധതിയിൽ ഉൾപ്പെടുത്തി സ്മാർട്ട് റോഡുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചത്. പൊതുമരാമത്ത് വകുപ്പിന് കീഴിലെ 60 റോഡുകൾ വികസിപ്പിക്കുന്നതിന് സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുത്തി കുടിവെള്ള പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി |

കേബിളുകൾ, ടെലിഫോൺ കേബിളുകൾ, ഇന്റർനെറ്റ് കേബിളുകൾ എന്നിവ പ്രത്യേക ഡക്റ്റിലൂടെ കടത്തിവിടുന്നതാണ് പദ്ധതിയിലെ പ്രധാന ഘടകം. ഓവർഹെഡ് ലൈനുകൾ ഒഴിവാക്കി റോഡുകളെ പൂർണ്ണ അർത്ഥത്തിൽ ഉപയോഗിക്കാൻ ഇതിലൂടെ ലക്ഷ്യമിടുന്നു. ഒപ്പം അടിക്കടി റോഡുകൾ കുത്തിപ്പൊളിക്കുന്നത് ഒഴിവാക്കാനും ഈ പദ്ധതിയിലൂടെ സാധിക്കും. ഈ റോഡുകളിലെ സ്വീവറേജ് ലൈനുകൾ ശക്തിപ്പെടുത്തുന്നതിനും പദ്ധതി ഉണ്ട്. മികച്ച നടപ്പാതകൾ, വഴിവിളക്കുകൾ, കൈവരികൾ, റോഡ് സുരക്ഷ, സൈക്കിൾട്രാക്ക്, ലാൻഡ് സ്കേപ്പിംഗ്, പാർക്കിംഗ് ഇംപ്രൂവ്മെന്റ് എന്നിവയും സ്മാർട്ട് റോഡുകളുടെ ഭാഗമായി നടപ്പിലാക്കുന്നുണ്ട്.

നഗരത്തിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലെ റോഡുകൾ സ്മാർട്ട് റോഡ് ആക്കി മാറ്റുന്നതിനുള്ള പദ്ധതി നേരത്തെ ആരംഭിച്ചിരുന്നു. എന്നാൽ കരാറുകാരൻ കൃത്യമായി പ്രവൃത്തി നടത്താതെ അലംഭാവം കാട്ടിയതിനെ തുടർന്ന് കരാറുകാരനെ നഷ്ടോത്തരവാദിത്തത്തിൽ ടെർമിനേറ്റ് ചെയ്യുകയും പെർഫോർമൻസ് ഗ്യാരന്റി കണ്ടുകെട്ടുകയും ചെയ്തു. തുടർന്ന് പൊതുമരാമത്ത് വകുപ്പിന് കീഴിലെ 12 റോഡുകൾ സ്മാർട്ട് റോഡ് ആയി മാറ്റുന്നതിനും 28 റോഡുകൾ ഉന്നതനിലവാരത്തിൽ നവീകരിക്കുന്നതിനും തീരുമാനിച്ചു. പ്രവൃത്തി നടത്തിപ്പ് വേഗത്തിലാക്കുന്നതിന് ഓരോ റോഡും പ്രത്യേകമായി ടെണ്ടർ നടപടികളാണ് സ്വീകരിച്ചത്. ഇതനുസരിച്ച് ആദ്യ ഘട്ടത്തിൽ രണ്ട് റോഡുകൾ സ്മാർട്ടായി വികസിപ്പിക്കുവാൻ തീരുമാനിച്ചു. മാനവീയം വീഥി കേരളത്തിലെ ആദ്യ നൈറ്റ് ലൈഫ് കേന്ദ്രമാക്കി മാറ്റി. സാംസ്കാരിക ഇടനാഴിയായി വികസിപ്പിച്ച മാനവീയം വീഥി രാജ്യാന്തര ശ്രദ്ധ നേടുന്ന ഇടമായി മാറി. ഇതിനു ശേഷമാണ് മറ്റ് 10 റോഡുകളുടേയും പ്രവർത്തി ആരംഭിച്ചത്. ഈ 10 റോഡുകൾക്കും പൂർത്തീകരണ കാലാവധി വ്യത്യസ്തമാണ്. ഡിസംബർ മുതൽ ഏപ്രിൽ വരെയുള്ള കാലയളവാണ് റോഡ് പ്രവർത്തിക്ക് ലഭിക്കുക എന്നതിനാൽ റോഡുകളിൽ ഒന്നിച്ച് പ്രവൃത്തി ആരംഭിച്ചു. ഈ റോഡുകൾ വേഗത്തിൽ ഗതാഗതയോഗ്യമാക്കാനാണ് സ്മാർട്ട് സിറ്റിയും, കെ.ആർ.എഫ്.ബി-യും തീരുമാനിച്ചത്. ഇതനുസരിച്ച് പ്രവർത്തികൾ മുന്നോട്ട് കൊണ്ടു പോകാനായി നിലവിൽ ഭൂരിഭാഗം റോഡുകളും (40 ൽ 38 റോഡുകളും) ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്.

സ്മാർട്ട് സിറ്റി പദ്ധതിയിൽ ഉൾപ്പെട്ട റോഡുകളിൽ ഓടകൾക്ക് പുറമെ ട്രെഞ്ചും ചേമ്പറും നിർമ്മിക്കുവാൻ

| | | | |
|---|---|---|---|
| | | | ആഴത്തിൽ കുഴി എടുക്കേണ്ടി വന്നിട്ടുണ്ട്. നിലവിൽ കുടിവെള്ളത്തിനുള്ള നിരവധി പൈപ്പ് ലൈനുകൾ, ഇലക്ട്രിസിറ്റി, ഫോൺ കേബിൾ, ഇന്റർനെറ്റ് കേബിളുകൾ മുതലായവ വീതി കുറഞ്ഞ റോഡുകൾക്ക് അടിയിലായിരുന്നു ഉണ്ടായത്. ഇവ ക്രമരഹിതമായി സ്ഥാപിച്ചിരുന്നു എന്നതിനാൽ പ്രവൃത്തി നടക്കുമ്പോൾ യൂട്ടിലിറ്റി ലൈനുകളിൽ തകരാർ സംഭവിക്കുന്നത് വലിയ വെല്ലുവിളിയാണ് സൃഷ്ടിച്ചത്. നിരന്തരം ഇത്തരം പ്രശ്നങ്ങൾ ഉണ്ടായത് പല ഇടങ്ങളിലും പ്രവൃത്തി പുരോഗതിയെ ബാധിച്ചിട്ടുണ്ട്. വിവിധ വകുപ്പുകളുടെ കൂടി ഏകോപനത്തോടെ ജനങ്ങൾക്കുള്ള ബുദ്ധിമുട്ടുകൾ പരമാവധി ലഘൂകരിക്കുവാൻ ശ്രമിച്ചാണ് പ്രവൃത്തി നടത്തിയത്. റോഡ് പ്രവൃത്തി പൂർത്തിയായ ഇടങ്ങളിൽ മറ്റ് പ്രവർത്തികൾ ആരംഭിച്ചു.<br><br>അട്ടക്കുളങ്ങര റോഡിൽ പ്രവൃത്തിആരംഭിച്ച ശേഷം ഓപ്പറേഷൻ അനന്തയുടെ ഭാഗമായി നിലവിൽ ഡിസൈൻ ചെയ്ത ഓടയുടെ ഡിസൈൻ മാറ്റാൻ ജില്ലാകളക്ടർ നിർദ്ദേശിച്ചു. കൂടുതൽ വീതിയിൽ ഓട നിർമ്മിക്കുന്ന പ്രവർത്തി അവിടെ തുടരുകയാണ്. |
| (സി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) | പൊതുമരാമത്ത് വകുപ്പിന് കീഴിലെ സ്മാർട്ട് സിറ്റി റോഡ് പ്രവൃത്തി കൃത്യമായി വിലയിരുത്തിയാണ് മുന്നോട്ടു പോയത്. മന്ത്രിതലത്തിൽ നിശ്ചിത ഇടവേളകളിൽ യോഗം നടത്തി പ്രവൃത്തി വിലയിരുത്തി. റോഡ് പ്രവർത്തി ഇടങ്ങളിൽ നേരിട്ടെത്തിയും മന്ത്രിതല അവലോകനം സാധ്യമാക്കി. റോഡ് പ്രവർത്തികൾ വിലയിരുത്തുവാൻ സെക്രട്ടറി തലത്തിലും അവലോകന യോഗങ്ങളും പരിശോധനയും സംഘടിപ്പിച്ചു. വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിന് ഓരോ ഘട്ടത്തിലും ഇടപെടാൻ സെക്രട്ടറിതല സമിതി രൂപീകരിക്കുകയും കൃത്യമായി ഇടപെടുകയും ചെയ്തു. കരാർ കൺസൾട്ടന്റ്, KRFB എഞ്ചിനീയർമാരുടെ പ്രവർത്തനം സൈറ്റുകളിൽ ഉറപ്പാക്കി. അവരോടൊപ്പം KRFB, സ്മാർട്ട് സിറ്റി എന്നിവിടങ്ങളിലെ ഉന്നത ഉദ്യോഗസ്ഥരുടെ പരിശോധനകളും കൃത്യമായി പ്രവർത്തി പുരോഗതിക്ക് സഹായകരമായി. |

സെക്ഷൻ ഓഫീസർ